## (47.) മണ്ണീറ സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

ദൈവപരിപാലനയുടെ കരങ്ങൾ പ്രകടമാകുംവിധം ആയിരുന്നു കഴിഞ്ഞനൂറ്റാണ്ടിൽ മണ്ണീറ ഇടവകയുടെവളർച്ച. സാഹചര്യങ്ങൾ മനുഷ്യനെ വിവിധനടവഴികളിൽ എത്തിക്കും. രണ്ടാം ലോകമഹായുദ്ധ ത്തിനുശേഷം ജീവിധബന്ധങ്ങൾ പലവഴിക്കുതിരിച്ചുവിട്ടു സാമ്പത്തിക ഭദ്രതഉറപ്പാക്കുവാൻ മലയോര പ്രദേശങ്ങളിലേക്ക് കുടിയേറിയ അനേക വ്യക്തികളുടെ ജീവിതം നമുക്കുസുപരിചിതമാണ് അപ്രകാരം ദൈവനിശ്ചയം എന്നവണ്ണം മണ്ണീറ എന്നപ്രകൃതിരാമണീയമായ പ്രദേശത്തേക്ക് എത്തിയ ഇതരസമുദായങ്ങളും ഉൾപ്പെടുന്ന കിസ്ത്യൻ കുടുംബങ്ങളാണ് ഈ ഇടവകയുടെ നാഴികകല്ല്. തങ്ങളുടെ ഭൗതീകജീവിതത്തിനൊപ്പം ആത്മീയജീവിതംവളർച്ച യിൽ എത്തിക്കുക എന്നത് ദേവാലയമോ വൈദീകരോ ഇല്ലാതിരുന്ന ആ പ്രദേശത്തു വലിയൊരുവെല്ലുവിളി ആയിരുന്നു.

ക്രിസ്തീയജീവിതതിന്റെ കേന്ദ്രം കൂദാശകളുടെ കൂദാശയായ വിശുദ്ധ കുർബാന ആണെന്ന് തിരിച്ചറിഞ്ഞ അവർ അന്നത്തെ തിരുവനന്തപുരം ആർച്ചുബിഷപ് ആയിരുന്ന ബെനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിനെ പോയികാണുകയും വിശുദ്ധ കുർബാനക്കും മറ്റുകൂദാശകൾക്കും അവർ നേരിടുന്ന ബുദ്ധിമുട്ടുകൾ അറിയിക്കുകയും ചെയ്തു. പാവങ്ങളുടെ മനസ്സറിയുന്ന അൽമായരുടെ ആത്മീയവളർച്ചയെ അത്രമേൽ പ്രാധാന്യത്തോടെ കണ്ടിരുന്ന പിതാവ് ഇതിനു പരിഹാരം കാണാമെന്നേറ്റു. അങ്ങനെ 1952-ൽ ജോസഫ് വടക്കേക്കൂറ്റ് അച്ചനെ ഈ പ്രദേശത്തിന്റെ ആത്മീയഅധികാരിയായി നിയമിച്ചു. അങ്ങനെ തങ്ങളുടെ ആത്മീയജീവിതം കുറച്ചുകൂടി പരിപോഷിപ്പിക്കുന്നതിൽ ഓരോരുത്തരും ശ്രദ്ധിച്ചു. ഈ ഇടവകയിലെ പേരെടുത്തുപറയേണ്ടുന്ന ആദ്യഅംഗങ്ങൾ മാത്തൻകോശി അറപ്പുറക്കൽ, അലക്സാണ്ടർ അത്തിനിൽക്കുന്നതിൽ, അവിരാ ജോസഫ് പറപ്പള്ളിക്കുന്നേൽ, തോമസ്പള്ളിതെക്കേതിൽ, കൊച്ചുകോശി മുലമുറിയിൽ, ശാമുവേൽ പാപ്പിപുതുവേലിൽ, ഉമ്മൻ കിരിയിൽ വട്ടപ്പാറ, ഗീവർഗീസ് മാത്തൻ ചരുവുപറമ്പിൽ, ഗീവർഗീസ് ആദിനാട്ടിൽ, ഗീവർഗീസ് കൊല്ലശ്ശേരിൽ, ദാവീദ് കല്ലുംപുറത്ത് എന്നിവരായിരുന്നു. ഇതിൽ പറപ്പള്ളികുന്നേൽ അവിര ജോസഫിന്റെ ഭൂമിയിലുണ്ടായിരുന്ന പുല്ലുമേഞ്ഞ ഒരുചെറിയ ചാപ്പലിൽ ആദ്യബലിയർപ്പണം നടത്തുകയുണ്ടായി. എങ്കിലും സ്വന്തമായ ഒരു ദേവാലയം ഇവരുടെ ചിരകാല അഭിലാഷങ്ങളിൽ ഒന്നായിരുന്നു.

ദേവാലയം പണിയാൻവേണ്ടിയുള്ള സ്ഥലം ആയിരുന്നു പ്രധാനവെല്ലുവിളി. എന്നാൽ കമ്പനിക്കട കുട്ടിചേട്ടൻ മണ്ണീറ, അത്തിനിൽക്കുന്നതിൽ അലക്സാണ്ടർ, അക്രൈസ്തവരായ പള്ളിതെക്കേതിൽ കാളി, പള്ളി തെക്കേതിൽ തോമസ് എന്നിവർ ഭൂമി പ്രതിഫലം പറ്റാതെ കൊടുക്കുകയും ചെയ്തു. ദൈവനിശ്ചയം എന്നവിധം ഏറ്റവുമനുയോജ്യമായ സ്ഥലമായി ഇതു ബെൻഡിക്ട് പിതാവിന് ബോധ്യമാവുകയും തദനുസൃദമായി വികാരി ജോസഫ് വടക്കേക്കൂറ്റ് അച്ചന്റെ നേതൃത്വത്തിൽ 1953-ൽ പുല്ലുകൊണ്ടുള്ള ഒരു ദേവാലയം പണിയുകയും പൈശാചിക പ്രവർത്തനങ്ങളിൽ നിന്നും വന്യമൃഗങ്ങളിൽനിന്നും ഇഴജന്തുക്കളിൽ നിന്നും ഉള്ള രക്ഷക്കായി മധ്യസ്ഥം യാചിക്കുന്ന വിശുദ്ധ ഗീവർഗീസ്സ് സഹദായുടെ നാമത്തിൽ നാമകരണം ചെയ്യപ്പെട്ട് ഭാഗ്യസ്മരണർഹനായ ബനഡിക്ട്മാർ ഗ്രിഗോറിയോസ് പിതാവിന്റെ തൃക്കരങ്ങളാൽ കൂദാശചെയ്യപ്പെട്ട് ഇടവകജനത്തിനും നാടിനും സമർപ്പിച്ചു. തു ടർന്നുള്ള 7 വർഷക്കാലം ജോസഫ് വടക്കേക്കൂറ്റ് അച്ചന്റെ നേതൃത്വത്തിൽ ഇടവകയുടെ വളർച്ച പുരോഗമിക്കുകയും മറ്റ് പല കുടുംബങ്ങളും ഇടവകയിൽ അംഗങ്ങൾ ആയി ചേരുകയും ചെയ്തു.

1960-ൽ വടക്കെക്കുറ്റ് അച്ചന്റെ സ്ഥലമാറ്റത്തെ തുടർന്ന് ജോസഫ് മണവാളൻ അച്ചൻ ഇടവക വികാരി ആയി ചുമതലയേറ്റു ജോസഫ് അച്ചന്റെ സ്ഥലമാറ്റത്തിന്ശേഷം കുര്യൻ ഇലഞ്ഞിമറ്റം അച്ചൻ ഇടവകവികാരി ആയിചുമതലയേറ്റു. ഈ വൈദീകരൊക്കെയും കോന്നി കുളത്തുങ്കലിൽനിന്നും കാൽനടയായി എത്തിയാണ് ഇടവക ശുശ്രുഷ നിർവഹിച്ചത് എന്നത് ഇത്തരുണത്തിൽ ഏറെ നന്ദിയോടെ ഓർക്കുന്നു.

കെട്ടുറപ്പുള്ള ഒരു ദേവാലയം എന്നത് ഇടവകയുടെ ചിരകാല അഭിലാഷം ആയിരുന്നു. ഇതിൻപ്രകാരം

ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റെ അനുഗ്രഹശീർവാദങ്ങളോടെ അറപ്പുരയിൽ മാത്തൻകോശി, കണ്ണങ്കര കുഞ്ഞുകുഞ്ഞ്, കൊച്ചുകോശി, മത്തായി മൂലമുറിയിൽ, എന്നിവരുടെ നേതൃത്വത്തിലും വിശ്വസികളുടെ തീഷ്ണമായ കഠിനധ്വാനങ്ങളാലും, അതിലുപരി ആത്മീയവും ഭൗതീകവുമായ കാര്യങ്ങളിൽ ശ്രദ്ധകേന്ദ്രീകരിച്ചു വികാരി കുര്യൻഅച്ചന്റെ പ്രവർത്തനത്തിന്റെ ഫലമായും സ്വപ്നം ഫലംകണ്ടു അങ്ങനെ 1968-ൽ ഭാഗ്യസ്മരണർഹനായ ബെനഡിക്ട് മാർ ഗ്രീഗോറിയസ് പിതാവിന്റെ തൃക്കരങ്ങളാൽ തന്നെദേവാലയം ആശീർവദിച്ചു ഇടവകജനത്തിനായി സമർപ്പിച്ചു.

കാലങ്ങൾക്കുശേഷം ബഹു. ആന്റോകണ്ണംകുളം ഇടവകയുടെ വികാരിയായി എത്തിയശേഷം പഴയ മദ്ബഹ 2000 മഹാജുബിലി വർഷത്തിൽ പുതുക്കിപണി ഭാഗ്യസ്മരണർഹനായ സിറിൾ മാർ ബസ്സേലിയോസ് പിതാവിന്റെ കർമികത്വത്തിൽ കുദാശ ചെയ്യപ്പെട്ടു.

ജോൺ കുരിയിടത്തെത്തിൽ അച്ചൻ വികാരിയായി ചുമതല നിർവഹിച്ചിരുന്ന കാലത്ത് ഇടവക ജനത്തിന്റെയും പ്രദേശവാസികളുടെയും താലപര്യപ്രകാരം വിശുദ്ധ ഗീവർഗീസ്സ് സഹദായുടെ നാമത്തിൽ ദേവാലയത്തോട് ചേർന്ന് ഇടവക അംഗമായ തൈപറമ്പിൽ സാലിവടക്കേക്കര ദാനമായി നൽകിയ സ്ഥലത്ത് മനോഹരമായ ഒരു കുരിശടി സ്ഥാപിച്ചു.

201-2013 ജോസി ചിറയത്തച്ചന്റെ കാലഘട്ടത്തിൽ വൈദീകമന്ദിരത്തിന്റെ പണികൾപൂർത്തീകരിക്കപ്പെട്ട് അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിനാൽ കുദാശകർമ്മം നിർവഹിക്കപ്പെടുകയുംചെയ്തു.

2016-2019 സിബി ഒറ്റക്കല്ലിൽ വികാരിയായിരുന്ന കാലഘട്ടത്തിൽ കൽകുരിശിന്റെ പണികൾ പൂർത്തീകരിച്ചു. ക്രിസോസ്റ്റം പിതാവ് കുദാശകർമ്മം നിർവഹിച്ചു. ഇന്നും നാനാജാതി മതസ്ഥർ കുരിശടിയും കൽകുരിശും പ്രാർത്ഥന സങ്കേതങ്ങളായി നിലകൊള്ളുന്നു.

രൂപീകൃതമായ എം.സി.വൈ.എം.-ലെ അംഗങ്ങൾ ഇടവകപുരോഗതിക്കുശ്രദ്ദേയമായ പ്രവർത്തനങ്ങൾ കാഴ്ച്ചവെച്ചു. അതോടൊപ്പം തന്നെ ഇടവകയിലെ മതബോധന ക്ലാസുകൾക്കുനേതൃത്വം കൊടുക്കുന്നവരും ഇടവകയുടെ ഭാവിയും കുഞ്ഞുങ്ങളുടെ ആത്മീയ വളർച്ചയും മുൻനിർത്തി പ്രവർത്തിച്ചു എന്നത് പ്രശംസനീയംതന്നെ. ഇതിനോടൊപ്പം അമ്മമാരുടെ ആത്മീയവളർച്ച മുൻനിർത്തി മാതൃസമാജം, അൽമായപ്രേഷിതത്വത്തിന്റെ ഭാഗമായി മലങ്കര കത്തോലിക് അസോസിയേഷൻ, വിൻസെന്റ് ഡിപോൾ എന്നീ സംഘടനകൾ പ്രവർത്തിച്ചു. ഇന്നും വളരെ തീഷ്ണതയോടെ ഈ സംഘടനകൾ പ്രവർത്തിക്കുന്നു. ഇവരോരുത്തരും രൂപതയിലെയും സഭയുടെയും പ്രവർത്തനങ്ങളോട് ചേർന്ന് സ്തുത്യർഹമാംവിധം സേവനം കാഴ്ച്ചവെക്കുന്നു. കുടാതെ ഇടവകയിലെ വിവിധ പ്രദേശങ്ങൾതിരിച്ച് 7 ഭാഗങ്ങളിലായി പ്രാർത്ഥന ഗ്രൂപ്പുകൾ സംഘടിപ്പിക്കുകയും വൈദീകരും സിസ്റ്റേഴ്സും ഇതിനുതൃത്വം കൊടുക്കുകയും ചെയ്യുന്നു.

ഓരോ ഇടവക വളർച്ചയുടെയും ഒരു പ്രധാനഘടകമാണ് അവിടെ ശുശ്രുഷചെയ്യുന്ന സിസ്റ്റേഴ്സിന്റെ സാന്നിധ്യം. അപ്രകാരംതന്നെ 1980 മുതൽ ഈ ഇടവകയുടെ ഭാഗമായി പ്രവർത്തിക്കുന്ന മേരിമക്കൾ സന്യാസിനി സമൂഹം ഇടവകയുടെ ആത്മീയവും ഭൗതീകവും ആയ പുരോഗതിക്കായി അക്ഷീണം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇവരുടെ പ്രവർത്തനം ഈ ഇടവകയ്ക്ക് എന്നും ഒരു മുതൽക്കുട്ടാണ്.

ഇടവക അംഗങ്ങളായ വൈദീകർ, ശെമ്മാശൻ, സിസ്റ്റേഴ്സ്, ബ്രദർ...... ഓരോദൈവവിളിയും ദൈവജനത്തിന്റെ നിലവിളിയുടെ ഉത്തരം ആണ്. ഇടവകജനങ്ങളുടെ ആത്മീയ തീഷ്ണതയുടെ ഫലമായി ഇടവകയിൽ നിന്ന് തന്നെ 7 ദൈവവിളികൾ ലഭിക്കുകയുണ്ടായി. ഇതിൽ ബഹു. സിജോ ചരിവുപറമ്പിൽ, ബഹു.ജോൺ കൂടത്തിനാൽ ഇവർ രൂപതയിലെ വിവിധ ഇടവകയിൽ ശുശ്രുഷ ചെയ്തു വരുന്നു. ഡി. തോമസ് അറപ്പുരക്കൽ, ബ്ര. അബിൻ ബിജു എന്നിവർ വൈദീകപരിശീലനം നടത്തിവരുന്നു. സി. തെരേസവി. സി. പറപ്പള്ളികുന്നേൽ, സി. സ്റ്റഫി മരിയ ഡി എം, കല്ലുപുറത്തുകിഴക്കെതിൽ, സി. ജാസ്മിൻ തെരേസ് ഡി. എം

എന്നീ ഇടവകഅംഗങ്ങൾ ദൈവശുശ്രുഷയിൽ സേവനം അനുഷ്ഠിച്ചുവരുന്നു, സിസ്റ്റർ ജാസ്മിൻ തെരേസ് ഇപ്പോൾ റോമിൽ ഉപരിപഠനം നടത്തുന്നു. ഇവരുടെ സമർപ്പിത ജീവിതം സഭക്കും ഇടവയ്ക്കും എന്നും അഭിനന്ദനർഹമാണ്.

ഇടവകയുടെ പുരോഗതിക്കായി പ്രവർത്തിച്ച മണ്മറഞ്ഞുപോയ അഭിവന്ദ്യപിതാക്കന്മാർ, വൈദീകർ, പൂർവ്വപിതാക്കന്മാർ എല്ലാവരേയും പ്രാർത്ഥനയോടെ ഓർക്കുന്നു. നാളിതുവരെയും ഇടവകക്കായി പരിശ്രമിച്ച വിശ്വസികൾ, സിസ്റ്റേഴ്സ്, സെക്രട്ടറിമാർ, കമ്മറ്റി അംഗങ്ങൾ, ട്രസ്റ്റിമാർ, മറ്റ്സംഘടനാ ഭാരവാഹികൾ എല്ലാവരെയും നന്ദിയോടെഓർക്കുന്നു അവർക്കായി പ്രാർത്ഥിക്കുന്നു.

തീഷ്ണതനിറഞ്ഞ പ്രവർത്തനങ്ങളാൽ ഇടവകജനത്തിന്റെ ആത്മീയവും ഭാതീകവുമായ കാര്യങ്ങളിൽ ശ്രദ്ധപതിപ്പിച്ച് ബഹു. വർഗീസ് തയ്യിൽ അച്ചൻ ഇപ്പോൾ ഇടവക വികാരിയായി സേവനം അനുഷ്ഠിച്ചുവരുന്നു. തീഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി ഈ ഇടയനോടൊപ്പം നമുക്കും മുന്നേറാം.